# Police Commissionerate Kochi

**<u>നഗരത്തിൽ ഗഞ്ചാവ് വേട്ട: രണ്ട് പേർ അറസ്റ്റിൽ.</u>**



ആസാം സ്വദേശികളായ രണ്ട് യുവാക്കളെ 4 കിലോഗ്രാം ഗഞ്ചാവുമായി കൊച്ചി സിറ്റി ഡാൻസാഫും, എറണാകുളം സെൻട്രൽ പൊലീസും ചേർന്ന് പിടികൂടി. ആസാം കാമരൂപ്, രങ്കിയ സ്വദേശി രത്നബാലി ബോറൊ(22), ധമാജി, ഖാനമുഖ് സ്വദേശി ഗീതാർത്ഥ ശർമ്മ എന്നിവരാണ് അറസ്റ്റിലായത്. കേരളത്തിൽ എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ വിവിധ മേഖലകളിലുള്ള ഹിന്ദിക്കാരായ തൊഴിലാളികൾക്കും , മലയാളികൾ മുഖേന വിദ്യാർത്ഥികൾക്കും, യുവാക്കൾക്കും ഗഞ്ചാവ് എത്തിച്ചു കൊടുക്കുന്ന പ്രധാന കണ്ണിയാണ് രത്നബാലി ബോറ.തൊഴിൽ തേടി കേരളത്തിലെത്തിയ ഇയാൾ സാധ്യത മനസിലാക്കി ഭാര്യയുടെ നാടായ ഒഡീഷയിൽ നിന്ന് കിലോയ്ക്ക് 800 രൂപ വിലയ്ക് ഗഞ്ചാവ് വാങ്ങി വൻ വിലയ്ക്കാണ് കൊച്ചിയിൽ വിറ്റഴിക്കുന്നത്. ട്രെയിനിൽ ടിക്കറ്റ് ബുക്ക് ചെയ്ത് AC യിൽ യാത്ര ചെയ്യുന്ന ഇവർ തിരിച്ചറിയാൻ കഴിയാത്ത വിധം മാന്യമായ വേഷത്തിലാണ് വരുന്നത്. മാസത്തിൽ മൂന്നു നാല് പ്രാവശ്യം കൊച്ചിയിൽ എത്തുന്ന ഇവർ കൊണ്ടുവരുന്ന പത്തു കിലോഗ്രാം വീതം നിറയ്ക്കാവുന്ന ട്രോളിബാഗുകളിൽ ഗഞ്ചാവ് വിവിധ ഭാഗങ്ങളിലുള്ള ഏജൻറുമാർക്ക് നല്കി നാട്ടിലേക്ക് തിരിച്ചു പോയതിനും ശേഷം ആസാമിൽ ഇവരുടെ മൊബൈലിലേക്ക് വിളിക്കുന്ന ആവശ്യക്കാർക്ക് ഭാര്യയുടെയോ, മാതാവിന്റെയോ അക്കൗണ്ട് നമ്പർ കൊടുത്ത്, പണം അക്കൗണ്ടിൽ വന്നതിന് ശേഷം കൊച്ചിയിലെ ഏജന്റുമാർ ഗഞ്ചാവ് കൈമാറും. വളരെ കുറച്ചു മാസങ്ങൾ കൊണ്ട് വീടും

വാഹനങ്ങളുമൊക്കെയായി ആർഭാട ജീവിതം നയിക്കുകയാണിവർ. ആഴ്ചകളായി ഡാൻസാഫിന്റെ രഹസ്യനിരീക്ഷണത്തിലായിരുന്നു പ്രതികൾ. പുതുവത്സര ആഘോഷവും ക്രിസ്തുമസിനുമായി കൊച്ചിയിലേക്ക് ധാരാളമായി ലഹരിമരുന്നും, ഗഞ്ചാവും എത്തുന്നതായി കൊച്ചി സിറ്റി കമ്മീഷണർ ശ്രി.വിജയ് സാഖറെ IPS ന് ലഭിച്ച വിവരത്തിൽ കൊച്ചിയുടെ പ്രധാനപ്പെട്ട ഭാഗങ്ങളായ KSRTC, റെയിവേ സ്റ്റേഷൻ പരിസരങ്ങൾ, വൈറ്റില ഹബ്ബ് ,ഫോർട്ട് കൊച്ചി, മാളുകളെല്ലാം രഹസ്യ നിരീക്ഷണത്തിലാണ്. ഡെപ്യൂട്ടി കമ്മീഷണർ ശ്രീമതി.ജി. പൂങ്കുഴലി IPS ന്റെ നിർദ്ദേശപ്രകാരം നാർക്കോട്ടിക് അസിസ്റ്റന്റ് കമ്മീഷണർ ,PR :രാജേഷിന്റെ നേതൃത്വത്തിൽ ഡാൻസാഫ് SI. ജോസഫ് സാജൻ ,സെൻട്രൽ SI. സനൽ .S എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതിയിൽ ഹാജരാക്കി. വിദ്യാർത്ഥികളുടെയും, യുവാക്കളുടെയും ഭാവിയെ ബാധിക്കുന്ന മാരകമായ ലഹരിയിൽ നിന്ന് ഇവരെ രക്ഷിക്കുവാൻ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 9497980430 എന്ന നമ്പറിൽ അറിയിക്കുക. അറിയിക്കുന്ന ആളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണെന്ന് ഡപ്യൂട്ടി കമ്മീഷണർ അറിയിച്ചു.